കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 10/1304/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –23 /08/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-10/1304/2017 തീയതി: 23/08/2017

## കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-12-2016 മുതൽ 30-06-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-07-2017 മുതൽ 14-07-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.അമ്പിളി.ജി, സീനിയർഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി.വിഷ്ണുപ്രിയ.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.മഞ്ജു | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.പി.ആർ.മോഹനകുമാരൻ | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീ.ജെ.അജ്മൽ | 01-06-2016 മുതൽ 12-08-2016 വരെ (13 മുതൽ 15 വരെ അവധി ദിവസം) |
| | ശ്രീ.ഷാജു.പി.എ | 16-08-2016മുതൽ 17-09-2016 വരെ |
| | ശ്രീമതി.സീമ.കെ | 17-09-2016മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എൻജിനിയർ | ശ്രീമതി.സരിത | 01-.4-2016മുതൽ 31-03-2017 വരെ |
| വി.ഇ.ഒ | ശ്രീ.രതീഷ് കുമാർ | 01-.4-2016മുതൽ 31-03-2017 വരെ |
| | ശ്രീമതി.സബൂന്നിസ | 01-.4-2016മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അഞ്ജന.എം.എസ്സ് | 01-.4-2016മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുനിത.എസ്സ് | 01-4-2016മുതൽ 31-03-2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ലളിതാകുമാരി | 01-4-2016മുതൽ |

| | | |
|---|---|---|
| | | 31-03-2017 വരെ |
| എം.ഒ. ആയുർവേദം | ഡോ.ഫെൻസൺ | 01-04-2016 മുതൽ<br>03-08-2016 വരെ |
| | ഡോ.ഷിമ്മി.എസ്സ്.രാജ് | 04-08-2016മുതൽ<br>31-03-2017 വരെ |
| എം.ഒ., പി.എച്ച്.സി | ഡോ.റിക്കി കൃഷ്ണൻ | 01-04-2016 മുതൽ<br>23-07-2016 വരെ |
| | ഡോ.ലക്ഷ്മി പ്രിയ | 24-07-2016 മുതൽ<br>31-03-2017 വരെ |
| എം.ഒ.ഹോമിയോ | ഡോ.ബിമൽകുമാർ | 01-04-2016മുതൽ<br>27-01-2017 വരെ |
| | ഡോ.പ്രീത | 28-01-2017 മുതൽ<br>31-03-2017 വരെ |
| ഡയറി ഫാം<br>ഇൻസ്ട്രക്ടർ | ശ്രീമതി.ഷാലിദ.കെ | 1-4-2016 മുതൽ<br>30-8-2016 വരെ |
| | ശ്രീമതി.ഷീബ<br>ഫ്രാൻസിസ് | 30-8-2016 മുതൽ<br>31-3-2017 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.മോഹൻകുമാർ<br>(ഒഴിവ്) | 01-04-2016 മുതൽ<br>31-05-2016 വരെ<br>(01-06-2016മുതൽ<br>12-06-2016 വരെ) |
| | ശ്രീ.അജ്മൽ.ജെ<br>(ഒഴിവ്) | 13-06-2016 മുതൽ<br>21-12-16 വരെ<br>22-12-16 മുതൽ<br>2.1.16 വരെ) |

| | | |
|---|---|---|
| | | |
| | ശ്രീ ജയകുമാർ | 3-1-2017 മുതൽ<br>31-03-2017 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | നിരതദ്രവ്യം തുക കയ്യിൽ സൂക്ഷിച്ചു | 2-1 |
| 13 | പെർമിറ്റ് എടുക്കാതെ നിർമ്മാണപ്രവൃത്തികൾ നടത്തി-നാളിതുവരെ ക്രമവൽക്കരിച്ച് നികുതി ഈടാക്കിയില്ല | 2-2 |

| | | |
|---|---|---|
| | ഭാഗം 3 | |
| 14 | മൂല്യനിർണ്ണയ തുകയിൽ നിന്നും ടെണ്ടർ കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു-നഷ്ടതുക-1,08,478/-രൂപ | 3-1 |
| 15 | ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച സർവ്വീസ് ടാക്സ് തുക അടവാക്കി രേഖകൾ ഹാജരാക്കിയില്ല- കേന്ദ്ര സർക്കാർ ഫണ്ടിന് നഷ്ടം-50,869/-രൂപ | 3-2 |
| 16 | മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു-5,385 /-രൂപ നഷ്ടം | 3-3 |
| 17 | പി.വി.സി.വാട്ടർടാങ്ക് വിതരണം ചെയ്തില്ല-തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 18 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-5 |
| 19 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) –കെ.എം.എസ്സ്.സി.എൽ. -ൽ നിന്നും മരുന്ന്/ഉപകരണങ്ങൾ ലഭിച്ചില്ല-1,08,273 /-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 20 | വളം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-7 |
| 21 | മരുന്ന് ലഭിച്ചിട്ടില്ല | 3-8 |
| 22 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിച്ചിട്ടില്ല. | 3-9 |
| 23 | കക്കൂസ് നിർമ്മാണത്തിന് അർഹതയില്ലാത്ത ആൾക്ക് തുക നൽകി. | 3-10 |
| 24 | രേഖകൾ ഹാജരാക്കിയില്ല | 3-11 |
| 25 | ഐ.കെ.എം ന് വിഹിതം നൽകൽ കൈപ്പറ്റ് രേഖകൾ ഹാജരാക്കിയില്ല | 3-12 |

| | | |
|---|---|---|
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-13 |
| 27 | തെറ്റായ മൂല്യനിർണ്ണയ തുക കരാറുകാരന് അനുവദിച്ചു- നഷ്ടതുക-1,250/-രൂപ | 3-14 |
| 28 | അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു. | 3-15 |
| 29 | പാലിന് സബ്സിഡി -ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടില്ല. | 3-16 |
| 30 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 3-17 |
| 31 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-18 |
| 32 | ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-19 |
| 32 | തെരുവ് വിളക്ക് വൈദ്യുതചാർജ് - ഭീമമായ തുക സർചാർജ് ഇനത്തിൽ ഒടുക്കുവരുത്തുന്നു-2016-17 വർഷത്തെ സർചാർജ് 2,27,287 /-രൂപ | 3-20 |
| 34 | തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന അനിവാര്യം | 3-21 |
| | ഭാഗം 4 | |
| 35 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 14-03-2016 തിയതിയിലെ llാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 06-06-2017 | ഇല്ല | -- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 04-07-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

1)മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.
2)ബജറ്റ് ഫങ്ഷൻ - ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
3)സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽനിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.
4)എല്ലാ തനതുഫണ്ട് പ്രോജക്ട് ചെലവുകളും സുലേഖയിൽ ഉൾപ്പെടാത്ത്തിനാൽ വാർഷിക ധനകാര്യപത്രികയിലെ തനത്ഫണ്ട് ചെലവുകൾ സുലേഖ സോഫ്റ്റ്വെയറിലെ തനതു ഫണ്ട് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.
5)കെട്ടിട നികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1495442 |
| വരവ് | 42806728 |
| ആകെ | 44302170 |
| ചെലവ് | 40089843 |
| നീക്കിയിരിപ്പ് | 4212327 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7622470 | 7622470 | 7622470 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7688770 | 7688770 | 7688770 | 0 | 100 |
| വികസനഫണ്ട് | 0 | 40341 | 40341 | 40341 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 372947 | 372947 | 372947 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2531659 | 2531659 | 2531659 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4985239 | 4985239 | 4985239 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1353651 | 1353651 | 1353651 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1241 | 23594492 | 23595733 | 23504150 | 91583 | 99.6 |
| ബി ഫണ്ട് | 0 | 32953635 | 32953635 | 32953635 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 43935446 | 77 | 27557689 | 30 | 10 | 65.8 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.81 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 1452554 | 2288234 | 835680 | |
| നികുതിയേതര വരവുകൾ | 570547 | 242905 | (-)327642 | |
| മറ്റുവരവുകൾ | 5500754 | 6107520 | 606766 | |
| ആകെ | 7523855 | 8638659 | 1114804 | +14.81 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 457440 | 253 |
| കർഷക തൊഴിലാളി പെൻഷൻ | 4135540 | 413 |
| വിധവാ പെൻഷൻ | 9561160 | 751 |
| വാർദ്ധക്യകാല പെൻഷൻ | 14939835 | 1116 |
| വികലാംഗ പെൻഷൻ | 3473300 | 274 |
| അൻപതു വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 206360 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-07-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 502/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. തനതുവരുമാനം തീരെ കുറഞ്ഞ

പഞ്ചായത്തിൽ പുതിയ വരുമാന സ്രോതസുകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

കൂടുതൽ വികസനപ്രവർത്തനങ്ങളും വ്യവസായസംരംഭങ്ങളും ഉണ്ടായിട്ടില്ലാത്ത പടിഞ്ഞാറെകല്ലട പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സ് മണൽ പാസ്സ് ഇനത്തിലുള്ള വരവായിരുന്നു. മണൽ ഖനനം നിലച്ചതോടെ ഈയിനത്തിലുള്ള വരവ് ഇല്ലാതാകുകയും വരവിനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പുതിയ ധനാഗമമാർഗങ്ങൾ കണ്ടെത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പരസ്യനികുതി ഏർപ്പെടുത്തുക, വസ്തുനികുതി, സേവനനികുതി എന്നിവ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പുനക്രമീകരിക്കുക തുടങ്ങിയവ നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മററു രജിസ്റ്ററുകൾ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം...

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-06-2017 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-02-2013 | 2011-12 | 13-03-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിരതദ്രവ്യം തുക കയ്യിൽ സൂക്ഷിച്ചു

നിരതദ്രവ്യം ആയി ലഭിച്ച ഡി.ഡി.പഞ്ചായത്തിൽ ഒടുക്കാതെ കയ്യിൽ സൂക്ഷിച്ചു. ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ എന്ന പ്രോജക്ട് (പ്രോജക്ട് നമ്പർ 53/17)നായി പ്ലാസാ എജൻസീസ്, കൊല്ലം എന്ന സ്ഥാപനം ഇ.എം.ഡി. 2100/- രൂപ 6-2-17-ലെ 853517-ാം നമ്പർ ഡി.ഡി. ഹെഡ്മിസ്ട്രസിന്റെ പേരിലുള്ള ഡി.ഡി.ആയി ആണ് സമർപ്പിച്ചത്. ആയത് രസീതിൽ എടുത്ത് പഞ്ചായത്തിൽ ഒടുക്കു വരുത്തിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/7-7-17 ന് മറുപടിയായി ഹെഡ്മിസ്ട്രസിന്റെ പേരിലുള്ള ഡി.ഡി.ആയി നൽകിയതിനാലാണ് രസീതിൽ എടുത്ത് പഞ്ചായത്തിൽ ഒടുക്കുവരുത്താതിരുന്നത് എന്നും ഡി.ഡി. തിരികെ നൽകിയിട്ടുണ്ടെന്നും

അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2-2** പെർമിറ്റ് എടുക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തി- നാളിതുവരെ ക്രമവൽക്കരിച്ച് നികുതി ഈടാക്കിയില്ല

ശ്രീമതി.മിനിജോൺസൺ, തറയിൽവില്ല, ഐത്തോട്ടുവ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന എ.എം.കാഷ്യൂസ് എന്ന കാഷ്യൂ ഫാക്ടറിയുടെ ഡി ആന്റ് ഒ ലൈസൻസിനായി നൽകിയ അപേക്ഷയിൽ 70 HP മോട്ടോർ സ്ഥാപിക്കുന്നതിന് അനുമതി തേടുകയും ആയതിലേക്ക് 500/-രൂപ ഇൻസ്റ്റലേഷൻ ഫീസായി 11610102048 രസീത് പ്രകാരം ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്ലാനിൽ മെഷീൻ സ്ഥാപിക്കുന്നതിനായി മൊത്തം 238ച.മീ വിസ്തീർണമുള്ള പുതിയനിർമ്മാണങ്ങൾ (90ച.മീ.-Peeling and grading, 56ച.മീ.- Boiling, 84 ച.മീ- Cutting, 8ച.മീ- Compressor shed) പ്രൊപ്പോസ്ഡ് ഏരിയ ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് എടുത്തതിന്റെയും അസസ്സ്ചെയ്തു നമ്പർ നൽകി കെട്ടിടനികുതി ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ-(9/12-07-17) ലൂടെ ആവശ്യപ്പെട്ടപ്പോൾ രേഖകൾ പരിശോധിച്ചതിൽ നിന്നും ഡി ആന്റ് ഒ ലൈസൻസിനായി നൽകിയ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന 10ാം വാർഡിലെ 406 മുതൽ 411 വരെയുള്ള കെട്ടിടങ്ങൾ ആദ്യമായി അസസ്സ് ചെയ്ത് നമ്പറിംഗ് ചെയ്തിരിക്കുന്നത് 2007-08 സാമ്പത്തിക വർഷത്തിലാണെന്നും 2007-08നു ശേഷം നാളിതുവരെ പെർമിറ്റിനുള്ള അപേക്ഷയോ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷയോ ശ്രീമതി.മിനി ജോൺസൺ ഓഫീസിൽ സമർപ്പിച്ചിട്ടില്ല എന്നുള്ള മറുപടിയാണ് ലഭിച്ചത്. 406 മുതൽ 411 വരെ നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് 2013-14 ലെ വസ്തുനികുതി പരിഷ്കരണമനുസരിച്ച് പുനർനിർണ്ണയിച്ച നിരക്കിലുള്ള നികുതി ഒടുക്കുന്നുണ്ട്. എ.എം.കാഷ്യൂസ് എന്ന കാഷ്യൂ ഫാക്ടറിയിൽ, പഞ്ചായത്തിൽ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടിം നടത്തിയ പ്രാദേശിക പരിശോധനയിൽ പുതുതായി നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. മതിലിനോട് ചേർന്ന് മേൽക്കൂര ഷീറ്റിട്ട തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളാണ് നടത്തിയിരിക്കുന്നത്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടേയും നിലവിലുള്ള കെട്ടിടങ്ങളുടേയും വിസ്തീർണം അളന്നതിട്ടപ്പെടുത്തി നിയമാനുസൃതമായ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** മൂല്യ നിർണ്ണയ തുകയിൽ നിന്നും ടെണ്ടർ കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു-നഷ്ടതുക-**1,08,478/-**രൂപ

പ്രോജക്ട് നം.105/17 –ഹോമിയോ ആശുപത്രിയ്ക്ക് ചുറ്റമതിൽ നിർമ്മാണം

അടങ്കൽ തുക- 4,50,000/- രൂപ

(4,18,873/-ലോകബാങ്ക് +31,127/-രൂപ തനത് ഫണ്ട്)

കരാറുകാരൻ - ശ്രീ.ഗോപകുമാരൻ പിള്ള ,

ദേവനന്ദനം ,

കടപ്പാ ,മൈനാഗപള്ളി

ടി.എസ്.നം.49769/2016-17/A.E.E/SBP/22.12.2016

എഗ്രിമെന്റ് നം.19/A.E./WK/2016-17/28.02.2017

എം.ബുക്ക് നം.23/16-17

ബിൽ നം.23/16-17 തീ.30.03.17

പ്രസ്തുത പ്രവൃത്തിയുടെ സർവ്വീസ് ടാക്സ് ഒഴികെയുള്ള എസ്റ്റിമേറ്റ് തുകയായ 4,22,625/- രൂപയിൽ നിന്നും 23% ടെണ്ടർ കുറവിൽ കരാറിൽ ഏർപ്പെട്ടുവെങ്കിലും അന്തിമമൂല്യ നിർണ്ണയ തുകയിൽ നിന്നുംആനുപാതിക തുക കുറവ് ചെയ്യാതെ തുക കരാറുകാരന് അനുവദിച്ചതിനാൽ 1,08,478/-രൂപ അനർഹമായി അനുവദിച്ചു. വിശദാംശം ചുവടെ .

മൂല്യനിർണ്ണയം

| | |
|---|---|
| ആകെ തുക | : 4,16,417/- രൂപ |
| സർവ്വീസ് ടാക്സ് (6.5%) വകയിരുത്തിയ തുക | : 25,535/-രൂപ |
| കരാറുകാരന് അനുവദിച്ച തുക | : 3,92,729/-രൂപ |
| (1.03%ആദായ നികുതി കഴിച്ച്) | |

അനുവദനീയമായ തുക

| | |
|---|---|
| ആകെ മൂല്യനിർണ്ണയ തുക | : 3,92,846/-രൂപ |
| കുറയ്ക്കുക | |
| (-) 23 % ടെണ്ടർ കുറവ് | : 90,355/-രൂപ |
| ബാലൻസ് തുക | :3,02,491/രൂപ |
| കുറയ്ക്കുക :- | |
| (6.03 %) | |
| നികുതികൾ | :18,240/- |
| കരാറുകാരന് അനുവദിക്കേണ്ട തുക | : 2,84,251/-രൂപ |

നഷ്ടമായി തിട്ടപ്പെടുത്തിയ 1,08,478/-രൂപ(3,92,729-2,84,251/-രൂപ) ഉത്തരവാദിയായ അസി.എൻജിനീയർ, അസി.എക്സി .എൻജിനീയറിൽ നിന്നും തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.11/13.07.2017)മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കി ചെല്ലാൻ ഹാജരാക്കുന്നതാണെന്ന് എ.ഇ .അറിയിച്ചു.

## 3-2 ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച സർവ്വീസ് ടാക്സ് തുക അടവാക്കി രേഖകൾ ഹാജരാക്കിയില്ല- കേന്ദ്ര സർക്കാർ ഫണ്ടിന് നഷ്ടം- 50,869/-രൂപ

2016-17 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃസമിതി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയിട്ടുള്ള മരാമത്തുപ്രവൃത്തികളുടെ മൂല്യനിർണ്ണയത്തുകയുടെ 10.5% ശതമാനം തുക (മെയിന്റനൻസ് പ്രവൃത്തികൾ) 6% (പുതിയ പ്രവൃത്തികൾക്ക്) സർവ്വീസ് ടാക്സ് ഇനത്തിൽ വകയിരുത്തി, കൺവീനർമാർക്ക് അന്തിമ തുകയോടൊപ്പം അനുവദിച്ചു.എന്നാൽ തുക കൈപ്പറ്റിയ കൺവീനർമാർ ഇന്നേ തീയതിവരെ നികുതി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കിയിട്ടില്ല .വിശദ വിവരങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/ പേര്/ ഫണ്ടിനം/ അടങ്കൽ/ടി.എസ്.നം./ തീയതി/എഗ്രിമെന്റ് നം.തീയതി | കൺവീനറുടെ പേര്/ എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 10.5 %സർവ്വീസ് ടാക്സ് ഇനത്തിൽ കൺവീനർ കൈപ്പറ്റിയ തുക (രൂപ) | 6%സർവ്വീസ് ടാക്സ് ഇനത്തിൽ കൺവീനർ കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|---|---|
| 1. | 93/17-അംഗൻവാടി 36 നവീകരണം – 1,24,000/-രൂപ (എം.ജി.എൻ.ആർ) ടി.എസ്.നം.14189/16-17 /A.E.E./SBP/19.11.2016 എഗ്രിമെന്റ് നം. 3/AE/WK/16-17 തീയതി-5.2.17 | ശ്രീ.പ്രഭാകരൻ പിള്ള ,കളീലിൽ ,ഐത്തോട്ടുവ, പടി.കല്ലട -5/16-17 | 1,22,996/-രൂപ /-14/17.10.16 | 11,687 | - |
| 2 | 96/17- അംഗൻവാടി 32 നവീകരണം -2,98,000/-രൂപ (എം.ജി.എൻ.ആർ) ടി.എസ്.നം.11254/16-17 /A.E.E./SBP/17.11.16 എഗ്രിമെന്റ് നം.15/AE /WK/16-17 തീയതി-17.2.17 | ശ്രീമതി.ഗീതാകുമാരിയമ്മ ,ഐക്കരഴികത്ത്, കോയിക്കൽ ഭാഗം-13/16-17 | 1,66,665/-30 /31.03.17 | 15,837 | - |
| 3 | 98/17-പഞ്ചായത്ത് സ്റ്റേഡിയം ഗ്രിൽ നിർമ്മാണം- 30,000/-രൂപ (എം.ജി.എൻ.ആർ) | ശ്രീ.മാധവൻ പിള്ള,ചെറുത്തിട്ട വീട് ,കൊയിക്കൽ ഭാഗം ,വിളന്തറ പി.ഒ. , പടി.കല്ലട-15/16-17 | 27,319/-രൂപ- 26/-31.03.17 | - | 1546 |

| | | | | | |
|---|---|---|---|---|---|
| | ടി.എസ്.നം.10914/16-17 /A.E.E./SBP/16.11.2016 എഗ്രിമെന്റ് നം.22/AE /WK/16-17 തീയതി-7.3.17 | | | | |
| 4 | 99/17-ഗവ്.എൽ.പി.എസ് മെയിന്റനൻസ്-2,21,000/-രൂപ (എം.ജി.എൻ.ആർ)+23205 /-വികസന ഫണ്ട് ടി.എസ്.നം.49745/16-17 /A.E.E./SBP/22.12.16 എഗ്രിമെന്റ് നം.18/AE /WK/16-17 തീയതി-28.3.17 | ശ്രീമതി.ചന്ദ്രിക , തോപ്പിൽ വീട് ,നടുവിലക്കര ,പടി.കല്ലട -11/16-17 | 2,29,405/-രൂപ/-24 , 25/31.03.17 | 21,799 | - |
| | | | ആകെ രൂപ | 49,323 | 1546 |

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.15/14.07.2017) മറുപടിയിൽ, കൺവീനർമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നൽകിയ തുക തിരിച്ചുപിടിച്ച് ബന്ധപ്പെട്ട ഹെഡ്ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നതാണെന്നും എ.ഇ അറിയിച്ചു. കൺവീനർമാർ നിയമാനുസൃതം നികുതി അടവാക്കാത്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത വിഷയം കേന്ദ്ര സർവ്വിസ് ടാക്സ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 3-3 <u>മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു-**5,385/-**രൂപ നഷ്ടം</u>

2015-16 മുതൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) ഗ്രാമപഞ്ചായത്തിൽ പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമാർക്ക് ഫൈനൽ ബില്ല് തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate-ന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് ഗുണഭോക്തൃസമിതി കൺവീനർമാർക്ക് 6744.94/m3 (15% കുറവ് )ആണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറനിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSR Code:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു.

എം. ക്യൂബിന് 6,962.30/- രൂപ നിരക്കിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് ഫൈനൽ ബില്ല് തയ്യാറാക്കി തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിംഗ് നം/ അടങ്കൽ/ ടി.എസ്.നം./ തീയതി | കൺവീനറുടെ പേര്/ എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@6962.30/ m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ടതുക. (@ 6744.96/ m3) | നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| 1. | S0027/17- തീണ്ടാത്തറ നടപ്പാത കോൺക്രീറ്റിംഗ്- 1,90,900/-രൂപ (പ്ലാൻ) ടി.എസ്.നം. 91/15-16/A.E.E. /SBP/22.06.15 | ശ്രീ.ചന്ദ്രബോസ്-17/16 | 1,90774/-രൂപ /-1/17.10.16 | 9.7-67,534.31 | 65,426.11 | 2,108 |
| 2 | S0024/17- പട്ടകടവ് സ്കൂൾ – റെയിൽവേ ലൈൻ റോഡ് കോൺക്രീറ്റിംഗ്- 1,18,000/-രൂപ(പ്ലാൻ) ടി.എസ്.നം.79/ 15-16/A.E.E. /SBP/22.06.15 | ശ്രീ.സൈമൺ ,ഗ്രഹരി-19/16 | 1,01,933/-രൂപ /-2/17.12.16 | 5.38.-37,457.17 | 36,287.88 | 1,169 |
| 3 | S063/16- കുഴിയിലഴികത്ത്മുക്ക്- പാറപ്പുറം റോഡ് കോൺക്രീറ്റിംഗ്- 2,47,800/-രൂപ (ധനകാര്യ കമ്മീഷൻ) ടി.എസ്.നം. 97/15-16/A.E.E. /SBP/22.06.15 | ശ്രീ.രവീന്ദ്രൻ പിള്ള-18/16 | 2,46,970/-രൂപ /-4/16.12.16 | 4.75-33,071.16 | 32,038.56 | 1,032 |
| 4 | S094/16- ശാന്താലയം കുറ്റിക്കല്ലുമ്പുറത്ത് റോഡ് കോൺക്രീറ്റിംഗ്- 4,00,000/-രൂപ (തനത്) ടി.എസ്.നം.98/15-16 /A.E.E./SBP/22.06.15 | ശ്രീ.നിസാർ പി.-16(a)/16 | 3,60,052/-രൂപ /-18/30.03.17 | 4.95-34,463.38 | 33,387.55 | 1,076 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആകെ തുക | 5,385/-രൂപ |

കൂടിയ നിരക്ക് അനുവദിച്ചതുനിമിത്തം ആകെ 5,385/-രൂപ നഷ്ടമായി തിട്ടപ്പെടുത്തുന്നു.ആയത് കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.തുക ഈടാക്കാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ, ബ്ലോക്ക്തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പി.വി.സി.വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടില്ല

പി.വി.സി. വാട്ടർ ടാങ്ക് വിതരണത്തിനായി (പ്രോജക്ട് നമ്പർ 55/17) ബിൽ നമ്പർ 11/31-3-2017 പ്രകാരം വികസന ഫണ്ടിൽ നിന്നും 123975/- രൂപയും ഗുണഭോക്തൃവിഹിതം ആയി 41325/- രൂപയും ചെക്ക് നമ്പർ 19156/30-3-2017 പിൻവലിച്ച് ആകെ 1,65,300/- രൂപ ഉപയോഗിച്ച് കൈലാസ് എജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 1900/- രൂപാ നിരക്കിൽ 87 പി.വി.സി. വാട്ടർ ടാങ്കുകൾ വാങ്ങി. എന്നാൽ 2016-17 സാമ്പത്തിക വർഷം 76 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ രേഖകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 11 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ രേഖകളും ബാക്കി പി.വി.സി. വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/12-7-17)മറുപടിയായി ബാക്കി 11 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടയ്ക്കുന്നതിനു മുൻപായി പി.വി.സി. വാട്ടർ ടാങ്കുകൾ വാങ്ങിയിരുന്നു എന്നും 2017-18 വർഷം പ്രസ്തുത ഗുണഭോക്താക്കളെ കൊണ്ട് ഗുണഭോക്തൃ വിഹിതം അടപ്പിച്ച് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കാനാവില്ല. ഗുണഭോക്തൃവിഹിതം അടയ്ക്കുന്നതിനു മുൻപായി 11 പേരുടെ ഗുണഭോക്തൃവിഹിതം തനതുഫണ്ടിൽ നിന്നും പിൻവലിച്ച് ടാങ്ക് വാങ്ങിയിരിക്കുകയാണ്. ആയതിനാൽ ടി 11 പേർക്കായി ചെലവഴിച്ച വികസനഫണ്ട് 15675/-(1425x11) രൂപയും ഗുണഭോക്തൃവിഹിതം ആയി തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച 5225/- (475x11)രൂപയും ഉൾപ്പെടെ 20,900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ വിഹിതം അടപ്പിച്ച് ടാങ്ക് വിതരണം ചെയ്തത് ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ലെങ്കിൽ ആയത് ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

പ്രസ്തുത പ്രോജക്ടിൽ കൈലാസ് എജൻസീസിന്റെ ബിൽ ആയി സമർപ്പിച്ചിരിക്കുന്നത് കൈലാസ് ബുക്ക്ഹൗസ് & ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്റേത് ആണ്. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്

മറുപടിയായി രണ്ടും ഒരാളുടെ ഉടമസ്ഥതയിലുള്ളതാണെന്നും മാറി പോയതാണെന്നും മറുപടി ലഭ്യമാക്കി. അപാകത ആവർത്തീക്കാതിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഗ്രാമസഭ അംഗീകരിക്കാത്ത് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

2016-17 വർഷം ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ എന്ന പ്രോജക്ടിൽ താഴെ പറയും പ്രകാരം ആനുകൂല്യം നൽകി.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക | സ്കൂൾ | കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 65/17 | 2/16-17/ 31-3-2017 | 2,71,320 | ജി.എൽ. പി. എസ് കണത്താർ കുന്നം | 48 |
| | | | ജിഎൽ.പി. എസ് വലിയപാടം | 71 |
| 53/17 | 3/16-17/ 31-3-2017 | 1,59,654 | ജിഎൽ.പി. എസ് പടിഞ്ഞാറേ കല്ലട | 46 |
| | | | ജിഎൽ.പി. എസ് കോതപുരം | 13 |

പ്രസ്തുത കുട്ടികളുടെ ലിസ്റ്റ് ഗ്രാമസഭ, പഞ്ചായത്തുകമ്മിറ്റി എന്നിവ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/7-7-17 ന് മറുപടിയായി കുട്ടികളുടെ ലിസ്റ്റ് ഗ്രാമസഭ, പഞ്ചായത്തുകമ്മിറ്റി എന്നിവ അംഗീകരിച്ചിട്ടില്ലായെന്നും ആയത് അംഗീകാരത്തിനായി നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ ഈയിനത്തിലുള്ള 4,30,974/-(159654+271320) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) -കെ.എം.എസ്സ്.സി.-എൽ.- ലിൽ നിന്നും മരുന്ന്/ഉപകരണങ്ങൾ ലഭിച്ചില്ല-1,08,273/-രൂപ തടസ്സപ്പെടുത്തുന്നു

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് / ഉപകരണങ്ങൾ വാങ്ങുന്നതിനായി 2,25,000 /-രൂപ നൽകിയെങ്കിലും 1,08,273/-രൂപയുടെ മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം. : 127/17-വയോജന ക്ഷേമം വൃദ്ധർക്ക് മരുന്ന്

വികസന ഫണ്ട്: 75,000/-രൂപ

ചെലവ് : 75,000/-ബിൽ നം. 3/17 തീ. 25.3.2017

കെ.എം.സി.എൽ.പ്രൊഫോർമ - 3287/08.03.17

ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ -75,000/-രൂപയുടേത്
2. പ്രോജക്ട് നം. : 44/17-പരിരക്ഷ പാലിയേറ്റിവ് കെയർ
വികസന ഫണ്ട് 3,07,000/-രൂപ +ബ്ലോക്ക് വിഹിതം 2,93,000/-രൂപ
ചെലവ് : വികസന ഫണ്ട് -3,04,530/-രൂപ
ബ്ലോക്ക് ഫണ്ട് -1,24,700/-രൂപ
ബിൽ നം. 2/17 തീ. 17.2.2017 -1,50,000/-രൂപ
(a)കെ.എം.സി.എൽ.പ്രൊഫോർമ - 1607/17.01.17-1,10,000/- രൂപ
ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ -23,057/-രൂപയുടേത്
(b)കെ.എം.സി.എൽ.പ്രൊഫോർമ - 1608/17.01.17-40,000/-രൂപ
ലഭിയ്ക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ-10,216/-രൂപയുടേത്
മരുന്നുകൾ കെ.എം.എസ്.സി.എൽ-നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ വില രൂപ-1,08,273/-(75000+23057+10216) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 വളം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ സമഗ്ര നെൽകൃഷി വികസനം, സമഗ്ര കരനെൽകൃഷിവികസനം എന്നീ പ്രോജക്ട് വഴി ഉപയോഗിച്ച ജൈവവളത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഉപയോഗിച്ച ജൈവവളം (കി.ഗ്രാം) | ആകെ വില | സബ്സിഡി ആയി നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|
| സമഗ്ര കര നെൽകൃഷി വികസനം | 2712.5 | 38750 | 18355 | 1/16-17/ 9-2-17 |
| സമഗ്ര നെൽകൃഷി വികസനം | 15000 | 1,60,000 | 72,000 | 2/16-17/ 9-2-17 |

എന്നാൽ പ്രസ്തുത അളവിൽ ഉള്ള ജൈവവളം വാങ്ങിയതിന്റെ ബിൽ, വൗച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/7-7-2017-ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 90,355/-(18,355+72,000)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മരുന്ന് ലഭിച്ചിട്ടില്ല

(1)2016-17 സാമ്പത്തികവർഷം ആയുർവേദാശുപത്രിയിലേക്ക മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരം തുക നൽകിയെങ്കിലും മുഴവൻ തുകയുക്കള്ള മരുന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | നൽകിയ തുക | മരുന്ന് ലഭിച്ചത് | മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 45/07 | 2/16-17/ 17-10-2016 | 5,00,000 | 4,66,698 | 33,302 |
| | 3/16-17/ 15-3-2017 | 2,00,000 | 61,188 | 1,38,812 |

ആയതിന് വിശദീകരണം ലഭ്യമാക്കുകയും സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കുകയും ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/7-7-2017-ന് മറുപടിയായി കത്ത് നൽകിയിട്ടുണ്ടെന്നും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 1,72,114/-(33,302+1,38,812) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(2) 2016-17 സാമ്പത്തികവർഷം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി താഴെ പറയും പ്രകാരം തുക നൽകിയെങ്കിലും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല.

പ്രോജക്ട് നമ്പർ 50/17

ഇൻവോയ്സ് നമ്പർ PF 787/22-12-2016

ബിൽ നമ്പർ 1/2016-17/12-1-2017

ഡി.ഡി. നമ്പർ 568531/21-1-2017

തുക 1,00,000/-രൂപ

21 ഇനം മരുന്നുകൾക്കായി പിൻവലിച്ച നൽകിയ പ്രസ്തുതതുക 13-3-2017 തീയതിയിലെ 2746 നമ്പർ രസീതുപ്രകാരം ഹോംകോ കൈപ്പറ്റിയെങ്കിലും നാളിതുവരെ മരുന്നു ലഭ്യമായിട്ടില്ല. ആയതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/7-7-17) മറുപടിയായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി 1,00,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

21-1-2017 തീയതിയിലെ ഡി.ഡി. 9-3-2017 തീയതിയിലെ 23/GHDWK/2017 നമ്പർ കത്തായിട്ടാണ് ഹോംകോയ്ക്ക് അയച്ചു നൽകിയിരിക്കുന്നത്. എന്നാൽ കാഷ്ബുക്കിൽ 21/1/2017 തീയതിയിൽ തന്നെ വരവും ചെലവും കാണിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/7-7-17)-മറുപടിയായി ഡി.ഡി.എടുത്തതിന് ശേഷമാണ് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി നോൺഅവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയത് എന്നറിയിച്ചിട്ടുള്ളത്. ആയത് അംഗീകരിക്കാനാവില്ല. ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി നോൺ അവയിലബിലിറ്റി സർട്ടിഫിക്കേറ്റ് വാങ്ങിയതിനുശേഷം മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല -M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തിരജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തിരജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കുന്നെങ്കിലും (പഴയ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുക്കൾ റീസർവ്വെ നടപടികൾക്ക് ശേഷം ലഭ്യമാക്കിയ പട്ടികയുമായി ഒത്തു നോക്കിയിട്ടില്ല) ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച

എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു. 2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല.മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപയിൽ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16 നമ്പരിൽ 19.10.2016 നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.10.2016- ലെ 12(7)നം. തീരുമാനത്തിൽ മൊബൈൽ ഫോൺ വാങ്ങുന്നതിന് തീരുമാനം എടുത്തുവെങ്കിലും നടപ്പാക്കിയില്ല.

ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നതും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 കക്കൂസ് നിർമ്മാണത്തിന് അർഹതയില്ലാത്ത ആൾക്ക് തുക നൽകി

കക്കൂസ് നിർമ്മാണത്തിന് അർഹതയില്ലാത്ത ആൾക്ക് തുക നൽകി. കക്കൂസ് നിർമ്മാണത്തിന് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ശ്രീ. റാഫേൽ , ആർ. സി.ഹൗസ് , കാരാളി ഠൗൺ എന്ന വ്യക്തിക്ക് ബിൽ നമ്പർ 2/16-17/24-9-2016 പ്രകാരം പിൻവലിച്ച 2,88,400/- രൂപയിൽ കക്കൂസ് നിർമ്മാണത്തിന് ഒന്നാം ഗഡു തുക 6,000/- നൽകി. ടിയാൾക്ക് ആനുകൂല്യം നൽകാൻ അർഹതയുണ്ടെന്ന് വാർഡ് മെമ്പറും സാക്ഷ്യപ്പെടുത്തിയതിനെ തുടർന്ന് ആണ് ആദ്യ ഗഡു നൽകിയത്. തുടർന്ന്

ഗഡു കൈപ്പറ്റുകയോ പണി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/6-7-17 ന് മറുപടിയായി ഒ.ഡി.എഫ് പദ്ധതിയ്ക്കായി ഫീൽഡ് വെരിഫിക്കേഷൻ സമയത്ത് തെറ്റിദ്ധരിപ്പിച്ച് ലിസ്റ്റിൽ കടന്നുകൂടിയ ആളാണെന്നും പിന്നീട് അന്വേഷണത്തിൽ തെറ്റ് മനസ്സിലാക്കിയതിനെ തുടർന്ന് ടിയാളിൽ നിന്നും തുക തിരിച്ചു പിടിക്കാൻ 24-10-2016 തീയതിയിൽ കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 27-10-2016 തീയതിയിലെ കമ്മറ്റി തീരുമാനം പ്രകാരം സെക്രട്ടറി ആർ.ആർ നടപടി ആരംഭിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്. തുക 6,000/- രൂപ തിരിച്ച് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-11 രേഖകൾ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ ജൈവ പച്ചക്കറി കൃഷി എന്ന പദ്ധതിയ്ക്കായി 10,080/-തൈകൾക്ക് 2 രൂപ നിരക്കിൽ 20,160/- രൂപ ഹാഡാ ഗ്രൂപ്പ് പടിഞ്ഞാറേ കല്ലടയ്ക്ക് നൽകിയിരിക്കുന്നു. എന്നാൽ പ്രസ്തുത പ്രോജക്ടിനായി കെയ്ക്കോയിൽ നിന്നും പച്ചക്കറി വിത്ത് കിറ്റ് വാങ്ങി നൽകിയിരുന്നു. വിത്തു വാങ്ങി നൽകിയതിന് ശേഷം കൃഷി ഭവൻ പരിസരത്ത് ആയതിന് ഭൗതിക സാഹചര്യം ഒരുക്കിയതിനു ശേഷം വീണ്ടും തൈയ്ക്ക് വേണ്ടി രണ്ടു രൂപ നിരക്കിൽ തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/12-7-2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 20,160/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ഐ.കെ.എം ന് വിഹിതം നൽകൽ കൈപ്പറ്റ് രേഖകൾ ഹാജരാക്കിയില്ല

ഐ.കെ.എം ന് വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നമ്പർ 49/17) വികസന ഫണ്ട് ജനറലിൽ നിന്നും ബിൽ നമ്പർ 27/31-1-17 പ്രകാരം 48,663/- രൂപ പിൻവലിച്ച് ഐ.കെ.എം ന് 3-2-17/568654 നമ്പർ ഡി.ഡി. ആയി നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/14-7-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി 48,663/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി (പ്രോജക്ട് നമ്പർ 5/16-17) ഒരു ഗുണഭോക്താവിന് 6,250/- രൂപ നിരക്കിൽ 90 കിടാങ്ങൾക്കായി 5,62,500/- രൂപ ബിൽ നമ്പർ 4/16-17/31-1-17 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി കോയിക്കൽ ഭാഗം ക്ഷീരോൽപാദകസംഘത്തെ (Q -120D APCOS)

7-12-16 തീയതിയിലെ II(2) നമ്പർ തീരുമാനമായി തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 1/6-7-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 5,62,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 തെറ്റായ മൂല്യനിർണ്ണയ തുക കരാറുകാരന് അനുവദിച്ചു-നഷ്ടതുക-1,250/-രൂപ

ബിൽ നം.26/16-17/30.03.17

എം.ബുക്ക് നം.17/15-16

എഗ്രിമെന്റ് നം.31/A.E./WK/2015-16 തീ.4.12.2015

ടി.എസ്.നം.415/2015-16/A.E.E/SBP dt.04.07.2015

കൺവീനർ - ശ്രീ.ഗോപാലകൃഷ്ണൻ , കൃഷ്ണ നിവാസ് , കുന്നത്താർക്കുന്നം

അടങ്കൽ തുക- 2,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പ്രോജക്ട് നം.S0031/17 –കോയിക്കടവ് കലുങ്ക് നിർമ്മാണം(വാർഡ് 2)

പ്രസ്തുത പ്രവൃത്തിയുടെ അന്തിമ മൂല്യ നിർണ്ണയ തുകയായ 1,89,515.90 നിന്നും 150 കി.സ്റ്റീൽ സ്ക്രാപ്പിന്റെ മൂല്യതുകയായ 2,100/- രൂപ കുറവ് ചെയ്യാതെ കൺവീനർക്ക് തുക അനുവദിച്ചതിനാൽ 1,250/- രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

മൂല്യനിർണ്ണയം

ആകെ തുക : 1,88,679

(6%) നികുതികൾ വകയിരുത്തിയ

തുക – : 11,321 രൂപ

കരാറുകാരന് അനുവദിച്ച തുക : 1,86,736/-രൂപ

(1.03%ആദായ നികുതി കഴിച്ച്)

അനുവദനീയമായ തുക

ആകെ തുക : 1,87,416

(6%) നികുതികൾ : 11,245

കരാറുകാരന് അനുവദിക്കേണ്ട തുക : 1,85,486/-രൂപ

(1.03% ആദായ നികുതി കഴിച്ച്)

നഷ്ടമായി തിട്ടപ്പെടുത്തിയ 1,250/-രൂപ (1,86,736-185,486/-രൂപ ) ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു

2016-17 സാമ്പത്തികവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകൾക്കായി പിൻവലിച്ച തുകകൾ നിക്ഷേപിക്കാൻ ആരംഭിച്ച സ്പെഷ്യൽ ടി.എസ്.ബി (അക്കൗണ്ട് നമ്പർ 799011400002368) അക്കൗണ്ടിൽ നിലവിൽ (13-7-2017 തീയതിയിൽ ) 2900/- രൂപ ബാക്കി നിൽക്കുന്നു. ആയതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/13-7-2017-ന് മറുപടിയായി 2900/- രൂപ 7-5-2017 തീയതിയിലെ 2824043 നമ്പർ ചെക്ക് പ്രകാരം ശ്രീ ശശികുമാറിന് നൽകിയതാണ്. ആയത് നാളിതുവരെ ട്രഷറിയിൽ സമർപ്പിച്ച് തുക പിൻവലിച്ചിട്ടില്ലാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-16 പാലിന് സബ്സിഡി -ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടില്ല

2016-17 സാമ്പത്തികവർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ73/17) ബിൽ നമ്പർ 1/16-17/27-3-2017 പ്രകാരം പിൻവലിച്ച 2,89,744/- രൂപയിൽ വെട്ടിയത്തോട് ക്ഷീരസഹകരണസംഘത്തിന് നൽകിയ 3349/- രൂപയിൽ 1677/- രൂപ മാത്രമേ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളൂ. താഴെ പറയുന്ന ഗുണഭോക്താക്കളുടെ സബ്സിഡി തുക നാളിതു വരെ നൽകിയിട്ടില്ല.

| പേര് | അളന്ന പാല് | സബ്സിഡി തുക |
|---|---|---|
| കൃഷ്ണൻകുട്ടി | 314.3 ലി. | 942 |
| ഹനുമൽ കുമാർ | 84.3 ലി | 252 |
| ചന്ദ്രശേഖരൻ പിള്ള | 84 ലി | 252 |
| യോഹന്നാൻ | 75.5 ലി | 226 |
| | ആകെ | 1672 |

പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകേണ്ട 1672/- രൂപ സംഘം സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/12-7-2017ന് മറുപടിയായി ടി കർഷകർ നാളിതുവരെ ബാങ്ക് അക്കൗണ്ട് എടുക്കാത്തതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകേണ്ട 1672/- രൂപ സംഘം

സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയത് ഒരാഴ്ചയ്ക്കുള്ളിൽ ബാങ്ക് അക്കൗണ്ട് എടുപ്പിച്ച് തുക ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും ആയതിന് കഴിയാത്ത പക്ഷം ടി തുക തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-17 ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില, വാറ്റ് എന്നീ ഇനങ്ങളിൽ ലഭിച്ച തുകകൾ കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്.

## 3-18 ദേശീയ തൊഴിലുറപ്പ് പദ്ധതി

2016 - 17 സാമ്പത്തികവർഷത്തിൽ 1821 കുടുംബങ്ങൾക്കായി 80546 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി.ഇതിൽ 11 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി.ആകെ 1,98,27,366/- രൂപയുടെ ചെലവ് അഞ്ച് മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

| | |
|---|---|
| ഭൂവികസനം - | -37 |
| ഐ.എ.വൈ ഭവന നിർമ്മാണം | -42 |
| വെള്ളപ്പൊക്ക പ്രതിരോധം | -4 |
| ജലസ്രോതസ്സുകളുടെ സംരക്ഷണം | -8 |
| ജല സംരക്ഷണ പ്രവൃത്തികൾ | -80 |

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

2.പ്രവൃത്തികൾ നടപ്പിലാക്കിയ ഭൂമിയിൽ നിലവിലുള്ള വീട് ഉൾപ്പെടെയുള്ള സ്ഥിരം നിർമ്മിതികൾ/വൃക്ഷങ്ങൾ എന്നിവ കഴിച്ചുള്ള കൃഷി യോഗ്യമായ ഭൂമിയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ എല്ലാ എസ്റ്റിമേറ്റിലും ഇരുപത് ശതമാനം ഈ വിഭാഗത്തിൽ ഒഴിവാക്കിയത് യുക്തിസഹമല്ല.

3. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ , പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

4.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5.പ്രവൃത്തിയുടെ ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ , പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)ഗുണഭോക്തൃസമിതി രൂപീകരണത്തിനായി നോട്ടീസ് വിതരണം നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ യോഗം, പഞ്ചായത്ത് പ്രസിഡന്റോ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാനോ ബന്ധപ്പെട്ട വാർഡ്മെമ്പറോ ചുരുങ്ങിയത് മൂന്ന് ദിവസങ്ങൾക്ക് മുമ്പ് നോട്ടീസുകൾ വിതരണം നടത്തി വിളിച്ച് ചേർക്കണം എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

2)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല

ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ, ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ 'ക്യാഷ് 'അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽ നിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി, കൺവീനർമാർ നടത്തിയ സാമ്പത്തിക ഇടപാടുകൾ, ചെക്ക്/ഡി.ഡി./അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ പരിശോധനാപരിധിയ്ക്ക് വെളിയിൽ നിൽക്കുന്നുവെന്നത് ഗൗരവതരമാണ്.

3)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയ്ക്കുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു), എല്ലാ സാധന സാമഗ്രികളും അംഗീകൃത ഡീലറിൽ നിന്നും വാങ്ങുന്നില്ല.വൗച്ചറുകൾ എല്ലാം ക്രമ നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃ സമിതികൾ, അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണ സാമഗ്രികളുടെ

നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.

4)വരവ്- ചെലവ് കണക്ക് അച്ചടിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല

ഗുണഭോക്തൃ സമിതി കൺവീനർ വരവ്- ചെലവ് കണക്ക് അച്ചടിപ്പിച്ച് സമിതി അംഗങ്ങൾക്ക് നൽകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-20 തെരുവ് വിളക്ക് വൈദ്യുതചാർജ് - ഭീമമായ തുക സർചാർജ് ഇനത്തിൽ ഒടുക്കുവരുത്തുന്നു-2016-17 വർഷത്തെ സർചാർജ് 2,27,287/-രൂപ

2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെയുള്ള വൗച്ചർ പരിശോധിച്ചതിൽ നിന്നും വൈദ്യുത ചാർജ് ഇനത്തിൽ താഴെ പറയുന്ന തരത്തിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു

| തുക അടച്ച മാസം | വൗച്ചർ നമ്പർ | തീയതി | തൻമാസ വൈദ്യുത ചാർജ് ഇനത്തിൽ അടച്ചതുക | തൻമാസവൈദ്യുത ചാർജ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള തുക | സർചാാർജ് ഇനത്തിൽ ഒടുക്കിയ തുക |
|---|---|---|---|---|---|
| ഏപ്രിൽ | 21600025 | 15-04-16 | 18564 | 51462 | 46502 |
| മെയ് | 21600060 | 17-05-16 | 12862 | 57164 | 52204 |
| ജൂൺ | 21600106 | 18-06-16 | 6997 | 63029 | 58069 |
| ജൂലൈ | 21600179 | 27-07-16 | 63980 | 6046 | 1086 |
| ആഗസ്റ്റ് | 21600220 | 19-08-16 | 66866 | 3160 | 0 |
| ഒക്ടോബർ | 21600294 | 01-10-16 | 58671 | 11355 | 4599 |
| നവംബർ | 21600389 | 22-11-16 | 48356 | 21670 | 11750 |
| നവംബർ | 21600387 | 22-11-16 | 70026 | 0 | 0 |
| ഡിസംബർ | 21600491 | 30-12-16 | 43389 | 26637 | 21677 |
| ജനവരി | 21600576 | 24-01-17 | 33676 | 36350 | 31400 |
| ഫെബ്രുവരി | 21600648 | 22-02-17 | 65066 | 4960 | 0 |

| | | | | | |
|---|---|---|---|---|---|
| മാർച്ച് | 21600772 | 29-03-17 | 65066 | 4960 | 0 |
| ആകെ | | | 553519 | 286793 | 227287 |

എല്ലാ മാസവും തൻമാസ വൈദ്യുതചാർജ് ഇനത്തിലുള്ള 70026/- രൂപയുടേയും നാളിതുവരെയുള്ള കുടിശ്ശികയുടേയും ചേർത്തുള്ള ബില്ലാണ് കെ.എസ്സ്.ഇ.ബി യിൽ നിന്നും നൽകുന്നത്. എല്ലാ മാസവും 65066/- രൂപയാണ്, അടച്ചുകൊണ്ടിരിക്കുന്നത്(ആഗസ്റ്റിൽ 66866/-രൂപ അടച്ചു). പ്രതിമാസ വൈദ്യുതചാർജ് തുകയിൻ നിന്നും ഇപ്രകാരം ഒരു നിശ്ചിത തുക (4960/-രൂപ) കുറച്ച് ഒടുക്കുവരുത്തുന്നതിന്റെ സാഹചര്യം ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിച്ചപ്പോൾ(എൻക്വയറി13/ 14-07-2017), കടപുഴവാർഡിലെ കുഴിപ്പുറം കോളനിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം പട്ടികജാതി വികസനവകുപ്പുമായി നിലനിൽക്കുന്നതിനാൽ അവിടത്തെ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ് കുറച്ചുള്ള തുകയാണ് ഒടുക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ഇപ്രകാരം ഓരോ മാസവും കുടിശ്ശികതുക വർദ്ധിച്ചു വരുന്നതിനാൽ അതിൻമേലുള്ള സർചാർജ് ആയി ഓരോമാസവും ഒടുക്കുന്ന 65,066/-രൂപയുടെ ഒരുഭാഗം കെ.എസ്സ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുകയാണ്. 2016-17 വർഷത്തിൽ ഇപ്രകാരം സർചാർജ് ഇനത്തിൻ 2,27,287രൂപ ഒടുക്കിയിട്ടുണ്ട്. ഈ സാഹചര്യം തുടരുകയാണെങ്കിൽ തെരുവ് വിളക്ക് വൈദ്യുതചാർജ് ഇനത്തിൽ ലക്ഷങ്ങളുടെ ബാധ്യതയാകും പഞ്ചായത്തിന് ഉണ്ടാകുന്നത്. ആയതിനാൽ ഉടമസ്ഥാവകാശതർക്കം നിലനിൽക്കുന്ന കുഴിപ്പുറം കോളനിയിലെ വൈദ്യുതകരം ഒടുക്കുന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കി കെ.എസ്സ്.ഇ.ബി യെ അറിയിക്കുന്നതിനും പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-21** <u>തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന അനിവാര്യം</u>

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന കെ.എസ്സ്.ഇ.ബി യുമായി ചേർന്ന് നാളിതുവരെ നടത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച വിവരം കെ.എസ്സ്.ഇ.ബിയിൽ നിന്നും ലഭ്യമായത് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ(നമ്പർ-13/14-07-2017) ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പവർ | എണ്ണം |
|---|---|---|
| സാധാരണ ബൾബ് | 40W | 372 |

| | | |
|---|---|---|
| സാധാരണ ബൾബ് | 60W | 65 |
| ഫ്ലൂറസെന്റ് ട്യൂബ് | 2x40W | 436 |
| മെർക്കുറി വേപ്പർ ലാമ്പ് | | 3 |
| സി.എഫ്.എൽ | 18W | 86 |
| സി.എഫ്.എൽ | 22W | 205 |
| എൽ.ഇ.ഡി | 18W | 40 |

നിലവിൽ സാധാരണ ബൾബുകൾ തെരുവിവിളക്കുകളിൽ ഉപയോഗിക്കാത്ത സാഹചര്യത്തിലാണ് കെ.എസ്സ്.ഇ.ബി യുടെ കണക്കുപ്രകാരം 437 സാധാരണബൾബുകൾ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. ഇത്തരത്തിൻ അധികബാധ്യത പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സർചാർജ് ഇനത്തിലും ഭീമമായ തുക ഒടുക്കുവരുത്തിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ തെരുവ്വിളക്കുകളുടെ എണ്ണം പുനർനിർണയിച്ച് ഉപഭോഗത്തിന് അനുസരിച്ചുള്ള തുകമാത്രം ഒടുക്കുന്നതിനും പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 84000 | S.041/17 | 84000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 147000 | S.073/17 | 147000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 582000 | - | 0 | 582000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 293000 | S.044/17 | 124700 | 168300 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | S.18/17 | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 60000 | S.057/17 | 60000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 100000 | S.18/17 | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്സ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ലഭ്യമല്ല. | 24833 | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവന പദ്ധതി ലോൺ തിരിച്ചടവ് | 951/2010 ത.സ്വ.ഭ.വ തീയതി 19.03.2010 | 13656000 | 3209600 | 995978 | 0 | 2213622 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17646/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | എൽ.എഫ്.ക്യൂ. പി6/744/02 തീയതി 27.02.2003 | 571 | രാജൻപണിക്കർ, സെക്രട്ടറി | 11610101055/ 16.10.2016 |
| 2014-15 | ഖ.2.4 | 17055 | സുനിത,കൃഷി ഓഫീസർ | 11602900021/ 8.3.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2006-07 | 3(11)(3) | തൊഴിൽരഹിത വേതനം സംബന്ധിച്ച് | നടപടി തുടരുന്നു |
| 2002-03 | | 2006-07 | 3(11)(8) | പൊതുമരാമത്ത് പ്രവർത്തികൾ സംബന്ധിച്ച് | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42806728 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40089843 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 122785 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1553939 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 108478 | ശ്രീമതി സരിത എ.ഇ,<br>ശ്രീമതി ഷൈജ എ.എക്സ്.ഇ |
| 3-3 | | 5385 | ശ്രീമതി സരിത എ.ഇ<br>ശ്രീമതി ഷൈജ എ.എക്സ്.ഇ |
| 3-10 | | 6000 | ശ്രീ രതീഷ് കുമാർ ആർ, വി.ഇ.ഒ |
| 3-14 | | 1250 | ശ്രീമതി സരിത എ.ഇ |
| 3-16 | | 1672 | ഷീബാ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | 122785 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 20900 | ശ്രീ ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 430974 | ശ്രീമതി ലളിതാമ്മ ഹെഡ് മിസ്ട്രസ് |
| 3-6 | 108273 | ഡോ.ലക്ഷ്മിപ്രിയ,<br>മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| 3-7 | 90355 | ശ്രീമതി സുനിത, കൃഷി ഓഫീസർ |
| 3-8(1) | 172114 | ഡോ.ഷിമ്മി.എസ്സ്.രാജ്,<br>മെഡിക്കൽ ഓഫീസർ, ആയൂർ വേദം |
| 3-8(2) | 100000 | ഡോ.ബിമൽ കുമാർ,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-11 | 20160 | ശ്രീമതി.സുനിത, കൃഷി ഓഫീസർ |
| 3-12 | 48663 | ശ്രീമതി.കെ.സീമ, സെക്രട്ടറി |
| 3-13 | 562500 | ശ്രീമതി.സുജാത വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3(2) – 50,869/-രൂപ സർവ്വീസ് ടാക്സ് അടവാക്കാത്തത്.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സരിത<br>എ.ഇ, | എ.ഇ,<br>പടിഞ്ഞാറേ കല്ലട<br>ഗ്രാമപഞ്ചായത്ത് | കെല്ലേഴത്തു വീട് ,<br>ചവറ ബ്രിഡ്ജ് പി.ഒ,<br>ചവറ |

| | | |
|---|---|---|
| ശ്രീമതി ഷൈജ എ.എക്സ്.ഇ | എ.എക്സ്.ഇ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | ശ്രീപുരത്ത് വീട്, കണ്ടറ പി.ഒ, കൊല്ലം |
| ശ്രീ ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | സങ്കീർത്തനം, കോലം, പൻമന ചവറ പി.ഒ |
| ശ്രീ രതീഷ് കുമാർ ആർ, വി.ഇ.ഒ | വി.ഇ.ഒ , പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | വെള്ളാപ്പള്ളി മേക്ക്, തഴവ തഴവ പി.ഒ. |
| ഷീബാ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | എസ്.എസ്. വില്ല, ചെമ്മക്കാട് പി.ഒ, പെരിനാട്, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95<br>1995-96 | LFQ/P8/1197(5)/14 dt.9.6.14 | 5 |
| 1996-97<br>1997-98 | LFQ/P8/1197(6)/14 dt.9.6.14<br>LFQ/P8/1197(7)/14 dt.9.6.14 | 11<br>1 |
| 1998-99 | LFQP8/1197(8)/14 dt.9.6.14 | 12 |
| 1999-00 | LFQP8/1197(9)/14 dt.20.06.14 | 3 |

| | | |
|---|---|---|
| 2000-01 | LFQP6/1197(10)/14 dt.20.06.14 | 3 |
| 2001-02<br>2002-03 | LFQP8/1197(11)/14 dt.20.06.14<br>LFQP8/1197(12)/14 dt.20.06.14 | 1<br>9 |
| 2003-04 | LFQP8/1197(13)/14 dt.20.6.14 | 14 |
| 2004-05<br>2005-06 | LFQP8/1197(14)/14 dt.20.6.14<br>LFQP8/1197(15) dt.20.6.14 | 12<br>19 |
| 2006-07 | LFQP8/1197(16)/14 dt.20.6.14 | 10 |
| 2007-08 | LFQP8/1197(17)/14 dt.20.06.14 | 11 |
| 2008-09 | LFQP8/1197(18)/14 dt.20.6.14 | 5 |
| 2009-10 | LFQP8/1197(19)/14 dt.20.6.14 | 4 |
| 2010-11&<br>2011-12 | LFQP8/1197(20)/14 dt.20.6.14 | 15 |
| 2012-13 &<br>2013-14 | LFQP8/894/15 dt.20.4.15 | |
| 2014-15 | KSA.KLM P7/1167/16<br>dt.30-07-16 | |
| 2015-16 | KSA.KLM P7/571/16 dt. 14.02.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി-10-1304/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – /08/2017.

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.